# മഹത്തായ മാപ്പിളസംസ്കാരത്തിലെ
# നാല് അധ്യായങ്ങൾ

കഥ ● ജമീൽ അഹ്മദ്

**അധ്യായം 1**
**ചെറുവാഞ്ചേരി**
**കുഞ്ഞിരായീൻ മുസ്‌ലിയാർ**

1921 ആഗസ്റ്റ് 2

ഇരുപത്തിരണ്ട് വയസ്സാണ് പ്രായമെങ്കിലും അറിവുകൊണ്ടും ആകാരം കൊണ്ടും മുസ്ല്യാർ എഴുന്നു നിന്നിരുന്നു. ആ ഗ്രാമത്തിൽ തൂവെള്ള കുപ്പായമിടുന്ന ഒരേയൊരാൾ. ഒരാഴ്ചയായി ആ ധവളിമയിൽ പരന്ന അത്തറിന്റെ സുഗന്ധം ഹദിയ നൽകിയത് പൊന്നാനിയിലെ വലിയ ഉസ്താദാണ്. അദ്ദേഹംതന്നെയാണ് അറവങ്കര ബാപ്പുമുസ്ല്യാരുടെ മകളെ കുഞ്ഞിരായീന് ആലോചിച്ചതും ഉറപ്പിക്കാൻ മുന്നിൽ നിന്നതും.

സുറുമയിട്ട ആ കണ്ണുകളിൽ പുതുക്കത്തിന്റെ മണം മാഞ്ഞിട്ടില്ല.



ഏറനാട് താലൂക്കിലെ പൂക്കോട്ടൂർ അംശത്തിൽ ലഹളക്ക് നേതൃത്വം നൽകിയെന്ന കുറ്റത്തിന് പോലീസ് പിടിച്ചുകൊണ്ടുപോകുമ്പോൾ കുഞ്ഞിരായീൻ മുസ്ല്യാര് കുട്ട്യാൾക്ക് പലകയിൽ സൂറത്തുൽ ഫീൽ എഴുതിക്കൊടുക്കുകയായിരുന്നു.

പൊല്ലീസിന്റെ തൊപ്പിക്കുമേലെയുള്ള ചുവന്ന അപകടം ദൂരെ നിന്ന് കണ്ടപ്പോഴേ കുട്ടികൾ ഭയന്നു. അവർ ഉസ്താദിന്റെ വെളുപ്പിലേക്ക് ചൂഴ്ന്നു. തുണിക്കെട്ടിൽ പൊതിഞ്ഞു സൂക്ഷിച്ച പൊന്നാനി മുസ്ഹഫും എഴുത്തുപലകകളും ചിതറിപ്പറക്കെ ഏമാൻമാർ താടിയിൽ

പിടിച്ചുവലിച്ച് മുസ്‌ല്യാരെ കൊണ്ടുപോയി.

രണ്ടു ദിവസങ്ങൾക്കുശേഷം മലപ്പുറത്തെ പട്ടാളക്യാമ്പിൽ മുസ്‌ല്യാരെ ഹാജരാക്കി. മരക്കസേരയിലിരുന്നിരുന്ന വെള്ളക്കാരൻ പോലീസ് സൂപ്രണ്ടിനു മുന്നിൽ ഓച്ഛാനിച്ചു നിൽക്കുന്ന ഇൻസ്പെക്ടർ റാവു ബഹദൂർ മമ്മു സാഹിബ്, ഇയാളാണ് പൂക്കോട്ടൂരിൽ യുവാക്കളെ യുദ്ധോത്സുകരാക്കുന്നതെന്ന് റിപ്പോർട്ടുനൽകി. കീറിയ വെള്ളമുണ്ട് ഔറത്ത് വെളിവാകാതെ ചുറ്റിപ്പിടിച്ച് കുഞ്ഞിരായീൻ മുസ്‌ല്യാർ കരഞ്ഞു,

'ഞാൻ ഓത്തള്ളീല് ഉസ്താദാണ്, പുത്യാപ്ലേണ്, ലകളക്ക് പോയിറ്റില്യ. ഒരു കൊല്ലം മുന്നെ പൊന്നാനീന്ന് പടിച്ച് വന്നിറ്റേള്ളൂ.........'

പൊന്നാനീന്ന് കേട്ടപ്പോൾ സായിപ്പിന്റെ നെറികെട്ട നെറ്റി ചുളിഞ്ഞു. ചിറി കോടി. എല്ലാ മാപ്പിള നായിക്കളും ചേലാക്കർമം ചെയ്യുന്നത് പൊന്നാനിയിൽ നിന്നാണല്ലോ എന്ന അയാളുടെ നസ്യം കേട്ട് മമ്മുസായിപ്പ് പൊട്ടിച്ചിരിച്ചു. രണ്ടുദിവസത്തെ നിരന്തര മർദനത്തിൽ കീറിപ്പോയ മുണ്ടും ശരീരവും മുസ്‌ല്യാർ ഒന്നു കൂടി കൂട്ടിപ്പിടിച്ചു. അപ്പോഴല്ലേ കളി. സായിപ്പ് മെല്ലെയെഴുന്നേറ്റ് ആ പൊന്നാനിവിരുത് ഒന്നു കാണാനുള്ള കൗതുകത്തോടെ അടുത്ത് ചെന്ന്, ഭയന്ന് ബേജാറായി നിൽക്കുന്ന മുസ്‌ല്യാരുടെ കീറിയ തുണിയിൽ പിടിച്ച് ഒറ്റ വലി.

നിന്ന നിൽപ്പിൽ ഏഴാനാകാശത്തേക്ക് ഉയർന്നു പോയെങ്കിൽ എന്നയാൾ പടച്ചറബ്ബിനോട് കെഞ്ചി. ചുറ്റും നിൽക്കുന്ന പോലീസുകാർ അലറിച്ചിരിക്കെ നഗ്നതയുടെ ഭാരം താങ്ങാതെ മുത്തുറസൂലിനെപ്പോലെ ബോധംകെട്ട് നിലത്തേക്ക് പതിച്ചു.

ബോധംവന്നപ്പോൾ ഭ്രാന്തനെപ്പോലെ മുസ്‌ല്യാർ അലറി.

'മാപ്പ്ളന്റെ ചോരനക്കണ ഹമ്ക്കേ. കൊല്ലെടാ അന്നെ ഞാൻ......'

ആ ഒറ്റ വാക്യത്തിന്റെ മൂപ്പിൽ മൂന്നുമാസം ഇശാഉം ളുഹ്റും തിരിയാത്ത ഇരുട്ടിൽ കഴിഞ്ഞു. ഒരു നവംബർ 19-ന്, പകൽ ചൂടുപിടിക്കുന്നതിനു മുമ്പേ, തിരൂരിൽ നിന്ന് ബല്ലാരിയിലേക്ക് പുറപ്പെട്ട തീവണ്ടിയിലെ ഗുഡ്സ് വാഗണിന്റെ മൂലയിൽ മുസ്‌ല്യാർ പടിഞ്ഞിരുന്നു. അതിൽ മേൽക്കുമേൽ അട്ടിയിട്ട മനുഷ്യ ശരീരങ്ങൾ മുഴുവൻ മൗനത്തിന്റെ ആഴങ്ങളിൽ അമർന്നുപോയിരുന്നു. വെളിച്ചവും പ്രാണവായുവും നിശ്ശബ്ദതയും തണുപ്പും ഇല്ലാത്ത നാൽപ്പെത്തെട്ട് മണിക്കൂർകൊണ്ട് തന്റെ ചങ്ങാതിമാർ ചവുട്ടിച്ചവുട്ടി ശരീരത്തിൽനിന്ന് ജീവനെടുക്കുമ്പോൾ ചെറുവാഞ്ചേരി കുഞ്ഞിരായീൻ മുസ്‌ലിയാർ ഓർത്തത് എന്തായിരിക്കും

വീട്ടിലെ പെമ്പ്രന്നോരെ, അവളുടെ ഉദരത്തിൽ ജീവൻ തുടിക്കുന്നുണ്ട്

പൊന്നാനിയിലെ വലിയ ഉസ്താദിനെ, ഓർമയിൽ അത്തർ മണക്കുന്നുണ്ട്

മുത്തുനബിയെ, ഞാനിതാ വരുന്നുണ്ട്........ ഞാനിതാ വരുന്നുണ്ട്........

**അധ്യായം 2**

## ചെറുവാഞ്ചേരി കുഞ്ഞിപ്പോക്കർ

1947 ആഗസ്റ്റ് 13

തിരൂരിൽ നിന്ന് കോയമ്പത്തൂരിലേക്ക് പോകുന്ന പാസഞ്ചർവണ്ടിയിൽ പോക്കർ കയറിപ്പറ്റി. നല്ല തിരക്കുണ്ടായിരുന്നു. കോയമ്പത്തൂരിലെ വടകോവൈ ജുമാമസ്ജിദിലെ ഖബർസ്ഥാനിയിൽ പടിഞ്ഞാറേ ഭാഗത്തുനിന്ന് അഞ്ചാമതാണ് ഉപ്പ കുഞ്ഞിരായീൻ മുസ്‌ലിയാരുടെ ഖബർ. കൊല്ലത്തിലൊരിക്കലേ സിയാറത്ത് സാധ്യമാവൂ. ഉമ്മാന്റെ പേരിലുള്ള കണ്ടത്തിൽ കൃഷിയാണ് ഏർപ്പാട്. ആരോഗ്യവാനും സൽസ്വഭാവിയുമായ ചെറുപ്പക്കാരൻ. പട്ടിണിയിൽ നാട് പൊരിയും കാലവും അധ്വാനിച്ച് ജീവിക്കാനും പാടുപെടാനും മടിയില്ല.

ഇരുപത്തിമൂന്നാം വയസ്സിൽ കല്യാണം. കൊല്ലം മുറികൂടുമ്പോഴേക്കും ഉപ്പയായി. മകന് ഉപ്പാന്റെ പേരിടണമെന്നായിരുന്നു പൂതി. കെട്ട്യോളുടെ പൂതിയാണ് നടപ്പിലായത്. ഹംസക്കുട്ടിക്ക് വയസ്സ് നാലായി.

ഉപ്പയുടെ മുഖം കണ്ടിട്ടില്ല. കണ്ടാൽ തന്നെപ്പോലെത്തന്നെയാണെന്ന് ഉമ്മ പറഞ്ഞിട്ടുണ്ട്. നാടുമുഴുക്കെ യത്തീംകുട്ടികളുടെ വിളറിയ മുഖങ്ങൾ നിറഞ്ഞ സ്വന്തം ഗ്രാമത്തെ കുഞ്ഞിപ്പോക്കർ ഉള്ളുകൊണ്ട് വെറുത്തു. പിറക്കാൻ പോകുന്ന പുതിയ രാജ്യത്തെ, മുസ്‌ലിമിന്റെ സ്വന്തം രാജ്യത്തെ അയാൾ സ്വപ്നം കണ്ടു. എന്നും കെട്ടിയവളോട് പറയും, ചോരക്കൊതിയൻ വെള്ള



സായ്പ്പ് നമ്മുടെ നാട് വിട്ട് പോകട്ടെ. മുസ്‌ലിംകളുടെ രാജ്യം വരട്ടെ. അന്ന് നമ്മൾ അവിടേക്ക് പോകും.

വണ്ടി ഷൊർണൂർ വിട്ടപ്പോഴാണ് തൊട്ടടുത്തിരുന്നിരുന്ന കാക്ക മുസ്‌ലിംകളുടെ രാജ്യത്തേക്ക് പോകുകയാണെന്ന് അറിഞ്ഞത്. സന്തോഷവും സംശയവും നിറഞ്ഞ മൂന്നുമണിക്കൂർ, വണ്ടി പോത്തനൂരെത്തുന്നതുവരെ അവരെ സംസാരിപ്പിച്ചു. ഇസ്‌ലാമിന്റെ രാജ്യത്തിലേക്ക് കുറെ ദൂരം പോകാനുണ്ട്. ദിവസങ്ങളെടുക്കും. കൂടെപ്പോരാൻ ഒരാളുണ്ട്. മുസ്‌ലിമിന്റെ സ്വന്തം രാജ്യത്തെത്തിയാൽ അടുത്ത വണ്ടിയിൽത്തന്നെ അങ്ങോട്ടു പുറപ്പെടാൻ കെട്ടിയവൾക്ക് കമ്പിയടിക്കാമെന്ന സൂത്രവും സഹയാത്രികൻ പറഞ്ഞുകൊടുത്തു.

സ്വാതന്ത്ര്യത്തിന്റെ മുറിവുകളിലൂടെ വണ്ടി പോകുന്നു. അതിർത്തിയിൽ, ചോരയൊഴുകുന്ന കമ്പാർട്ടുമെന്റിൽ അരക്കുകീഴെ വെട്ടേറ്റ് ചോരയിൽ കുളിച്ച് കിടക്കുമ്പോൾ ബോധം മറയുവോളം ചെറുവാഞ്ചേരി കുഞ്ഞിപ്പോക്കറുടെ ഖൽബിൽ മകൻ ഹംസക്കുട്ടി യത്തീമിന്റെ വിളറിയ മുഖവുമായി അലഞ്ഞുനടന്നു.

**അധ്യായം 3**

## ചെറുവാഞ്ചേരി ഹംസക്കുട്ടി ഹാജി

1969 ആഗസ്റ്റ് 10

കടലിന് അതിർത്തിയില്ല. ഹംസ ബോംബെ തുറമുഖത്തുനിന്ന് യമനിലേക്കുള്ള ചരക്കുകപ്പലിന്റെ ലോഞ്ചിൽ കയറുമ്പോൾ കരുതിയത് കടലുണ്ടിപ്പുഴ അക്കരെക്കടക്കുന്നതുപോലെ എളുപ്പത്തിൽ അങ്ങോട്ടെത്താമെന്നായിരുന്നു. തിരൂരങ്ങാടി യത്തീംഖാനയിലെ പട്ടിണിമണക്കുന്ന ചുമരിൽ മുഖംചേർത്ത് ഉപ്പാ എന്ന് പൊട്ടിക്കരഞ്ഞ കുട്ടിക്കാലം ഹംസക്ക് പൊടുന്നനെ ഓർമ വന്നു. കടൽച്ചൊരുക്കത്തിന്റെ ഓക്കാനത്തിൽ അയാൾ പോയകാലത്തിന്റെ തിക്തസ്മരണകളെ മുഴുവൻ ഛർദിച്ചു കളഞ്ഞു.

ജീവിതത്തിൽ മറ്റൊരിക്കൽക്കൂടിയേ അയാൾ അങ്ങനെ ഛർദിച്ചിട്ടുള്ളൂ

ഇരുപത്തഞ്ചാം വയസ്സിൽ, സൗദിയിലെ ബ്രിട്ടീഷ് എണ്ണക്കമ്പനിയിലെ അടിമപ്പണിക്കാരനായാണ് മരുഭൂമിയിലെ ജീവിതം തുടങ്ങുന്നത്. മുപ്പതുവർഷം ബ്രിട്ടീഷുകാരനുള്ള അടിമപ്പണി, സായ്പ്പിന് ചായകാച്ചുമ്പോഴും സൂപ്പർ വൈസറായിരിക്കുമ്പോഴും മാനേജറായി വാഴുമ്പോഴും തുടർന്നു. നാട്ടിലുള്ള ആണുങ്ങൾക്കെല്ലാം വിസയയച്ചുകൊടുത്ത് മരുഭൂമിയിലെ അടിമപ്പണിക്ക് റിക്രൂട്ട് ചെയ്തു. അവരെ എയർപ്പോർട്ടിൽ ചെന്ന് സ്വീകരിച്ച് റൂമിലെത്തിച്ചശേഷം ഹംസഹാജി പറയും.

'കാര്യം വെള്ളക്കാരാണെങ്കിലും ചോരയൂറ്റിക്കുടിക്ക്ണ് വർഗാ. ഒത്തുപോയാ നമ്മക്ക് നല്ലത്.'



ഹംസക്കുട്ടഹാജി പ്രവാസം മതിയാക്കി നാട്ടിലെത്തുമ്പോൾ വയസ്സ് അൻപത്തിനാല്. മൂന്ന് മക്കൾ. പൂക്കോട്ടൂരിൽനിന്ന് കയറ്റമിറങ്ങുന്ന ബസ്സ് യാത്രക്കാരെല്ലാം ഒന്നു നോക്കിപ്പോകുന്ന മതിൽക്കെട്ടിനുള്ളിൽ അറബിയുടെ കൊട്ടാരത്തിന്റെ മട്ടിലുള്ള വീട്.

എല്ലാ മാസവും തിരൂരങ്ങാടി യത്തീംഖാനയിലേക്ക് ഏഴുചാക്ക് അരി. ചുറ്റുപാടുമുള്ള നാലോളം പള്ളികളുടെ നിർമാണത്തിന് കൈയയച്ചു നൽകിയ സംഭാവനയുടെ കണക്കിൽ ഒരു കമ്മിറ്റിമെമ്പർ സ്ഥാനംപോലും ചെറുവാഞ്ചേരി ഹംസക്കുട്ടി ഹാജി സ്വീകരിച്ചില്ല. ദിക്ക്റ് ഹൽഖയും പ്രഷറും പ്രമേഹവുമായി വീട്ടിൽ സ്വസ്ഥമായിരിക്കും കാലത്ത്. ഗൾഫിൽ നിന്ന് മടങ്ങി ഏതാണ്ട് ഒരു വർഷം കഴിഞ്ഞായിരുന്നു അത്.

മഗ്രിബ് നിസ്കാരം കഴിഞ്ഞ് പതിവായി കഴിക്കാറുണ്ട് ഒരു ഗ്ലാസ്സ് ക്യാരറ്റ് ജ്യൂസ്. ഇളയ മകൻ ഷാഫിയുടെ ഭാര്യ അന്ന് ജ്യൂസുമായി വന്നപ്പോൾ കണ്ടത്, ഛർദിച്ചു ഛർദിച്ചു ചോരക്കളമായ നിലത്ത് സുജൂദിൽനിന്നെഴുന്നേൽക്കാതെ കിടക്കുന്ന ഹംസക്കുട്ടി ഹാജിയെ ആണ്.

**അധ്യായം 4**

**ഡോ. ചെറുവാഞ്ചേരി ഷാഫി മുഹമ്മദ്**

2010 ജൂൺ 12

രാത്രി പതിനൊന്നായി. ലണ്ടനിലുള്ള സുഹൃത്ത് ലീവിന് വരുമ്പോൾ പതിവായി കൊണ്ടുവരാറുള്ള വോഡ്ക്കയും മുകളിലെ തന്റെ സ്വകാര്യ മുറിയിലെ അന്തരീക്ഷവും പരമാവധി തണുപ്പിച്ച് ഒറ്റക്കിരുന്ന് ഒരു മൂഡ് മെല്ലെ മെല്ലെ പിടിപ്പിക്കുകയായിരുന്നു ഷാഫി.




കോഴിക്കോട്ടെ അൽ-അമീൻ കോളേജിലെ സസ്യശാസ്ത്രം വകുപ്പിൽ മേധാവിയായ ഷാഫിസാറോട് സംശയം ചോദിക്കാൻ സുന്ദരിപ്പെൺകുട്ടികൾ രാത്രി പത്തുമണിക്കുശേഷം ഒരു മിസ്ഡ് കോൾ ചെയ്താൽ മതിയെന്നാണ് വെപ്പ്. സാറുടനെ തിരിച്ചുവിളിച്ച് വിശദമായി സംശയം തീർക്കും. എന്നാൽ ഭാര്യ ഫാത്തിമട്ടീച്ചർക്കുപോലും

പ്രവേശനമില്ലാത്ത ഇത്തരം വൈകുന്നേര പരിപാടികളിൽ ഔദ്യോഗിക ഫോൺനമ്പറിനെയും ഒച്ചവെക്കാനനുവദിക്കാതെ അമർത്തിവെക്കലാണ് പതിവ്.

വീട്ടുകാർക്കുമാത്രം അറിയുന്ന പേഴ്സണൽ നമ്പർ പെട്ടെന്ന് ശബ്ദിച്ചപ്പോൾ നിസ്സംഗമായ ആ ഓഫിരുത്തത്തിൽ നിന്ന് ഷാഫിസാർ ഞെട്ടിയുണർന്നു. ഇത്തിരി ബേജാറോടെയാണ് ഫോണെടുത്തത്. മകൻ ജൈസലായിരുന്നു അപ്പുറത്ത്. ബീകോം പരീക്ഷ കഷ്ടിച്ചു രക്ഷപ്പെട്ടാൽ യു.കെയിലേക്ക് പറക്കാൻ പാകത്തിൽ പാസ്പോർട്ടെടുത്ത് വെച്ചിട്ടുണ്ട് ഏക പുത്രൻ ചെറുവാഞ്ചേരി ജൈസൽ അഹമ്മദ്.

'എന്താ മോനേ?'

'പ്പാ, ഒരു ചെറിയ സജഷൻ വേണം.'

ഫ്ളെക്സിൽ ബ്രിട്ടീഷ് ഫാൻസിന് എഴുതാൻ നല്ലൊരു കാപ്ഷൻ, പൂക്കോട്ടൂരിലെ ഏറ്റവും വലിയ ബോർഡ് ഞങ്ങളെ ടീമിന്റതാ. പ്ലീസ്. ഞാൻ സിസ്റ്റത്തിൽ ഡിസൈൻ ചെയ്യാ. പവർഫുള്ളാവണം. മെറ്റൽ ടൈപ്പ്.'

വോഡ്ക്കയുടെ തണുപ്പിൽ അൽപ്പം ആലോചിച്ചപ്പോഴേക്കും ഡോ. ചെറുവാഞ്ചേരി ഷാഫി മുഹമ്മദിന് ലിറ്ററേച്ചർ ഒഴുകി

'സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ വെള്ളയുടുപ്പിട്ട വേട്ടനായ്ക്കൾ ഇതാ മൈതാനത്തിലിറങ്ങിക്കഴിഞ്ഞു, എതിരാളികളേ ഓടിയൊളിച്ചോളൂ...'

'വൗ എക്സലെന്റ്.' ജൈസലിന്റെ ആഹ്ലാദം മൊബൈൽ ഫോണിൽ തിളങ്ങി. ■

jameelahmednk@gmail.com